**“ഭരണ ഭാഷ – മാതൃഭാഷ”**

## ഇൻഫർമേഷൻ കേരളാ മിഷൻ

സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

25.08.2017-ന് രാവിലെ 10.00-ന് തിരുവനന്തപുരം സെക്രട്ടറിയേറ്റ് അനക്സ് ബിൽഡിംഗിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടന്ന **ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 12-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.ടി.കെ.ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർമാൻ** |
| 2 | ശ്രീമതി.ബിന്ദു റാണി.സി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 3 | ശ്രീ.സീറാം സാംബശിവ റാവു, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | **മെമ്പർ** |
| 4 | ശ്രീ. അജിത് ബ്രഹ്മാനന്ദൻ, ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 5 | ശ്രീ.സീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

12.07.2017 –ന് കൂടിയ 11-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം:ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ / വെബ്സൈറ്റുകൾ എന്നിവ പരിഷ്കരിക്കുന്നതിനുവേണ്ടി പത്രപരസ്യം, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

Total Solution Provider (TSP) മാരായ NICSI/KELTRON എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെക്നിക്കൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായി അന്വേഷണം നടത്തിയിരുന്നുവെങ്കിലും പ്രാഗത്ഭ്യമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല. പ്രസ്തുത വിവരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ഏകീകൃത Frame work-ലേയ്ക്ക് ഐ.കെ.എം ആപ്ലിക്കേഷനുകൾ വികസിപ്പിക്കേണ്ടതിനാലും, സോഫ്റ്റ്‌വെയർ വിഭാഗത്തിലേയ്ക്ക് കൃത്യമായ കാലയളവിൽ കാലാനുസൃതമായ മാറ്റങ്ങൾ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിന് സോഫ്റ്റ്‌വെയർ ടീമിന് ആവശ്യമായ നൂതന ടെക്നോളജിയിൽ അവഗാഹമുള്ള 19 ജീവനക്കാരെ പൊതുതലത്തിൽ നിന്നും സുതാര്യമായ രീതിയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടത് അനിവാര്യമാണ്. ശാസ്ത്രീയമായ പ്രവർത്തന അവലോകനത്തിനനുസരിച്ചും, ആവശ്യകതയ്ക്കനുസരിച്ചും കാലാകാലങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതാണ്.

ടി ജീവനക്കാരെ പ്രത്യേക ഒരു വിഭാഗമായി നിലനിർത്തിക്കൊണ്ട് ആവശ്യകതയ്ക്കനുസരിച്ച് കൃത്യമായ കരാറിലേർപ്പെട്ടും, മൂന്നുമാസത്തിലൊരിക്കലുള്ള പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിലും കാലാവധി പുതുക്കിയും നിലനിറുത്തുന്നതാണ്.

**തീരുമാനം**

വിദ്യാഭ്യാസ യോഗ്യതയിലും പ്രവൃത്തിപരിചയത്തിലും താഴെ പറയുന്ന ഭേദഗതികളോടെ 19 ഉദ്യോഗാർത്ഥികളെ 2 വർഷത്തെ കരാറടിസ്ഥാനത്തിൽ താൽകാലികമായി നിയമിക്കുന്നതിന് തീരുമാനിച്ചു.

| Role | Qualification | Experience | # People | Proposed Salary (per month) |
|---|---|---|---|---|
| Enterprise Architect | B-Tech(C S / IT / ECE) or MCA (on campus degree from a recognised university or college after Graduation in Maths or Physics). | Enterprise Architect -10-15 years of IT experience with 5 year expertise in large enterprise application design. | 1 | 1.25 - 1.75 lakhs |
| Technical Architect | | 10 years of IT experience with 5 year experience in technical architecture design (prefer Open Source technology) | 2 | 80,000 - 1.25 lakhs |

| Role | Qualification | Experience | # People | Proposed Salary (per month) |
|---|---|---|---|---|
| Sr. Database Experts | | 7 years of IT experience with 3 year experience in DB design, tuning, optimisation using MY SQL and Postgres | 1 | 80,000 - 1 lakhs |
| Jr. Database Experts | | 3 plus years' experience in DB design, tuning, optimisation using MY SQL and Postgres | 1 | 30,000 – 50,000 |
| Senior Developer | | 6 plus years' experience using PHP, any frame work ,preferably laravel ,Angular J S, Postgres | 5 | 60,000 - 80,000 |
| Quality Manager | | 10 years of IT experience with 5 year experience in working as a QM | 1 | 80,000 - 1 lakhs |
| Business Analyst | | 5 plus year experience | 2 | 45,000 - 65,000 |
| Developer (Help Desk) | | 3 plus years of experience in PHP, MYSQL, PostGres SQL, Angular J S | 6 | 30,000 |
| **Total** | | | **19** | |

മുകളിലെ പട്ടികയിൽ പറഞ്ഞ ശമ്പളത്തിൽ ഉദ്യോഗാർത്ഥികളുടെ യോഗ്യതയുടെയും എക്സ്പീരിയൻസിന്റെയും അടിസ്ഥാനത്തിൽ Negotiation നടത്താവുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം, സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, Head, State e-Governance Mission Team, Kerala, ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ഐ.കെ.എം എന്നിവരെ ഉൾപ്പെടുത്തി Interview board രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

<u>അജണ്ട-3</u>

**വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്തിരിക്കുന്ന ഡേറ്റാസെന്ററിലെ cloud upgrade ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം**

വിശദമായ പ്രൊപ്പോസൽ (with detailed estimate) സഹിതം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

<u>അജണ്ട-4</u>

**വിഷയം:ഐ.കെ.എമ്മിന്റെ കോർപ്പറേഷൻ /മുനിസിപ്പാലിറ്റി / ജില്ലാ / ബ്ലോക്ക് തലത്തിൽ ജോലിചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് ലാപ്ടോപ്പ് ഇ-ടെണ്ടർ മുഖേന വാങ്ങി നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

12-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം – മിനിട്ട്സ് 25 ആഗസ്റ്റ് 2017

(ഐ.കെ.എം സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തതിന് ശേഷം)

തീരുമാനം

ഐ.കെ.എമ്മിന്റെ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / ജില്ലാ / ബ്ലോക്ക് തലത്തിൽ ജോലിചെയ്യുന്ന 256 ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് ലാപ്ടോപ്പ് ഇ-ടെണ്ടർ മുഖേന വാങ്ങി നൽകാൻ തീരുമാനിച്ചു. Internet ഉപയോഗിക്കുന്നതിലേക്കായി Wifi dongle (monthly Rs.500/- per connection) കൂടി വാങ്ങി നൽകാൻ നിർദ്ദേശിച്ചു.

<u>അഡീഷണൽ അജണ്ടകൾ</u>

<u>അജണ്ട -1</u>

വിഷയം: ഐ.കെ.എം ഓഫീസ് ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ ഓടുന്ന സ്വിഫ്റ്റ് ഡിസയർ എ.സി കാറിന്റെ കരാർ കാലാവധി പുതുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.

തീരുമാനം

അംഗീകരിച്ചു.

<u>അജണ്ട -2</u>

വിഷയം: ഐ.കെ.എമ്മിലെ ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ) ആയ ശ്രീ. നീലകണ്ഠൻ ഡി. എസ് -ന് യാത്രാ ബത്തയും, മെഡിക്കൽ ഇൻഷ്വറൻസും അനുവദിക്കുന്നത് സംബന്ധിച്ച്.

തീരുമാനം

സർക്കാരിൽ Class-1, Grade-I ഓഫീസർക്ക് നൽകുന്ന TA/DA ഐ.കെ.എമ്മിലെ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) ന് നൽകുവാൻ തീരുമാനിച്ചു. മെഡിക്കൽ ഇൻഷ്വറൻസ് ഐ.കെ.എമ്മിലെ എല്ലാ ജീവനക്കാർക്കും നൽകുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

യോഗം 11.30 ന് അവസാനിച്ചു.

അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി 14.09.2017 ന് രാവിലെ 10.30 ന് കൂടാൻ തീരുമാനിച്ചു.

Sd/- 29.8.17

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
(മെമ്പർ സെക്രട്ടറി)

Sd/- 29/8/2017

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
(ചെയർമാൻ)